തിരിച്ചു നടക്കുന്ന നമ്പൂതിരിമാർ

ഒക്ടോബർ 31ന് വൈകുന്നേരം തൃശ്ശൂരിലെ നാട്യഗൃഹത്തിനു മുന്നിൽ കാത്തു നിൽക്കുകയായിരുന്നു. 'നാടകസൗഹൃദം' അവതരിപ്പിയ്ക്കുന്ന 'തൊഴിൽകേന്ദ്രത്തിലേയ്ക്ക്' എന്ന നാടകം കാണാൻ എത്തിയതായിരുന്നു ഞങ്ങൾ. വാതിൽ തുറന്നിട്ടില്ല. അകത്ത് അവസാനനിമിഷങ്ങളിലെ ചില ഒരുക്കങ്ങൾ നടക്കുകയാണെന്നു തോന്നി. ഇടയ്ക്ക് ആരോ വാതിൽ തുറന്നപ്പോൾ അകത്തുനിന്ന് ഒരു സംഭാഷണശകലം പുറത്തേയ്ക്ക് തെറിച്ചുവീണു. ഉടനെ വാതിൽ അടയുകയും ചെയ്തു.

പുറത്ത് ആളുകൾ കൂടിനിൽക്കുന്നുണ്ട്. എം. ജി. ശശിയും ശശിധരൻ ദേശമംഗലവും എം. വിനോദും ഹസീനയും മറ്റു നാടകപ്രവർത്തകരുമുണ്ട്. കാണികളായി വന്നവർ അധികവും നാൽപ്പതു വയസ്സിനു മുകളിലുള്ളവരാണ്. അതിൽത്തന്നെ വലിയൊരു ഭാഗം അമ്പതും അറുപതും പിന്നിട്ടവർ. ഏതു വിശേഷമായാലും ഇപ്പോൾ കാണികളായെത്തുന്നവർ നാൽപതു വയസ്സിനു മുകളിലുള്ളവരാണ് എന്ന അറിവ് കുറച്ചുകാലമായുണ്ട്. മുപ്പതിനും നാൽപതിനും ഇടയ്ക്കുള്ളവർ ഒന്നോ രണ്ടോ കാണും. മുപ്പതു വയസ്സിനു താഴെയുള്ളവർ പൊതുസ്ഥലങ്ങളിൽ എത്താത്തതിനേക്കുറിച്ചുള്ള ആശങ്ക കുറച്ചുകാലമായി ഞങ്ങളെ പിൻതുടരുന്നുണ്ട്.

ഇത്തവണ ആശങ്കയ്ക്ക് വേറെയും കാരണങ്ങളുണ്ടായിരുന്നു. ഇത് 1948-ൽ അവതരിപ്പിച്ച നാടകമാണ്. അര നൂറ്റാണ്ടു മുമ്പുള്ള വിഷയം വീണ്ടും അവതരിപ്പിയ്ക്കുമ്പോഴുണ്ടാവാനിടയുള്ള ചെടിപ്പ് മനസ്സിലുടക്കിനിന്നു. എം. ജി. ശശി പുനർരചന നടത്തി എന്നു കാണുന്നുണ്ട്. എന്നാലും ഈ നാടകത്തിന് ഇപ്പോൾ എന്താണ് പ്രസക്തി? അറുപത്തഞ്ചു വർഷം മുമ്പുള്ള ചുറ്റുപാടുകളുമായി ഇന്നത്തെ നമ്പൂതിരിപ്പെൺകിടാങ്ങളുടെ സ്ഥിതിയ്ക്ക് എന്തു താരതമ്യമാണുള്ളത്? ഇന്ന് പഠിപ്പിലായാലും പ്രവൃത്തിയിലായാലും മറ്റുള്ളവരോടൊപ്പം നിന്നു പയറ്റാനുള്ള കോപ്പ് അവർക്കുണ്ട്. മറ്റുള്ള സമുദായത്തിൽനിന്നു വിട്ട് അവർക്കു മാത്രമായ പ്രശ്നങ്ങളൊന്നും ഇന്നില്ല. പിന്നെ ഈ നാടകം?

മറ്റൊന്നു കരുതി ആശ്വസിയ്ക്കുകയാണ് ചെയ്തത്: ഇന്നത്തെ നമ്പൂതിരിപ്പെൺകിടാങ്ങൾ അറിയട്ടെ അവരുടെ മുൻഗാമികൾ അനുഭവിച്ച സങ്കടങ്ങൾ. ഇന്നനുഭവിയ്ക്കുന്ന സ്വാതന്ത്ര്യം എങ്ങനെയൊക്കെയാണ് കിട്ടിയതെന്നും അവരറിയട്ടെ. ഇന്നത്തെ നമ്പൂതിരിപ്പെൺകിടാങ്ങളുടെ വിലക്കില്ലാത്ത ജീവിതത്തിന്റെ വിലയ്ക്ക് എത്ര ജീവിതങ്ങൾ ബലികൊടുത്തുവെന്ന് അവർ മനസ്സിലാക്കട്ടെ.

ആ ചിന്തയും നിലനിന്നില്ല. കാണികളായെത്തിയവരിൽ അവർ മരുന്നിനു പോലുമില്ലല്ലോ. ഒടുവിൽ നാടകം കളിച്ചു തീരുമ്പോൾ ചുണ്ടിൽ ഒരു പരിഹാസച്ചിരി മാത്രമാവുമോ ബാക്കി? അല്ലെങ്കിൽ നാടകം മുഴുവൻ കണ്ടിരിയ്ക്കാൻ തന്നെ കഴിയില്ലെന്നു വരുമോ? ഉദ്യമം പരിഹാസ്യമായിപ്പോവാതിരിയ്ക്കട്ടെ എന്ന് സംഘാടകർക്കു വേണ്ടി പ്രാർത്ഥിയ്ക്കാൻ തോന്നി എനിയ്ക്ക്.

നാട്യഗൃഹത്തിന്റെ വാതിൽ തുറന്നു. കാണികൾ ഇരിപ്പിടങ്ങളിൽ നിറഞ്ഞു. നാടകം പുരോഗമിയ്ക്കുമ്പോൾ എം. ജി. ശശിയുടെ പുനർരചനയ്ക്കും ഗീതാജോസഫിന്റെ സംവിധാനത്തിനും പിഴവൊന്നും പറ്റിയിട്ടില്ലെന്നു ബോധ്യമായി. ശോഭന, ശൈലജ, ഇന്ദു, ബീന, ചിത്തിര, ആര്യ, സാവിത്രി തുടങ്ങിയവരുടെ ഉജ്ജ്വലമായ അഭിനയം. സംഭാഷണങ്ങളിൽപ്പലതും മിന്നൽപ്പിണരുകൾ പോലെ നാലു ദിശകളിലേയ്ക്കും പാഞ്ഞുചെന്നു. കെട്ടുതാലി പൊട്ടിച്ചെടുത്ത് ചിത്തിര ഭർത്താവിനു നേരെ നീട്ടുമ്പോൾ വിദ്യുത്തരംഗമേറ്റതു പോലെ ഞാൻ തരിച്ചിരുന്നുപോയി.

അടുക്കളയിൽനിന്ന് അരങ്ങത്തെത്തിയതുകൊണ്ടു മാത്രമായില്ല, സ്വന്തം കാലിൽ നിൽക്കാനുള്ള സ്വാതന്ത്ര്യം നേടിയേ തീരൂ എന്ന തിരിച്ചറിവാണ് തൊഴിൽകേന്ദ്രം എന്ന ആശയത്തിലേയ്ക്കു നയിച്ചത്. പാർവ്വതി നെന്മിനിമംഗലവും ആര്യാ പള്ളവുമൊക്കെയായിരുന്നു അതിനു നേതൃത്വം നൽകിയത്. ഭർതൃഗൃഹത്തിൽനിന്ന് ഒളിച്ചോടി എത്തിയ കാവുങ്കൽ ഭാർഗ്ഗവിയ്ക്കു വേണ്ടി 1948-ൽ പാലക്കാട്ടെ ലക്കിടിയിലെ ചെറമംഗലത്തു മനയിലാണ് തൊഴിൽകേന്ദ്രം രൂപം കൊണ്ടത്. സ്തീകളുടെ ആദ്യത്തെ സ്വതന്ത്രകമ്മ്യൂൺ.

കേരളത്തിൽ കമ്മ്യൂണിസ്റ്റുകാർ ചുവടുറപ്പിയ്ക്കുന്ന കാലവുമായിരുന്നു അത്. തീർച്ചയായും അത് നമ്പൂതിരി സമുദായത്തിലെ പ്രക്ഷോഭങ്ങൾക്ക് ആക്കം കൂട്ടി. ഇ. എം. എസ്സും വി. ടി.യും പ്രേംജിയും എം ആർ. ബി.യും അത്രതന്നെ പ്രശസ്തരല്ലാത്ത നിരവധി

പ്രവർത്തകരും പല വഴിയ്ക്കു നടത്തിയ പ്രവർത്തനത്തിന്റെ ഫലമായാണ് നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾ അവസാനിച്ചത്. ഔദ്യോഗികമായ പിരിച്ചുവിടലൊന്നുമുണ്ടായില്ലെങ്കിലും അതോടെ നമ്പൂതിരി യോഗക്ഷേമസഭയുടെ പ്രവർത്തനവും നിലച്ചു. ഉദ്ദേശ്യ ലക്ഷ്യങ്ങൾ നേടിയാൽപ്പിന്നെ സംഘടനകൾ സ്വയം പിരിഞ്ഞു പോവുകയാണല്ലോ നല്ലത്.

യോഗക്ഷേമസഭയുടെ പ്രവർത്തനങ്ങൾക്ക് ഫലപ്രദമായ പരിസമാപ്തിയായിട്ടാണ് ഇ. എം. എസ്സിന്റെ രണ്ടാമത്തെ മന്ത്രിസഭയുടെ ഭൂപരിഷ്കരണബില്ലു വന്നത്. പണിയെടുക്കാതെ നമ്പൂതിരിമാർക്കും ഉണ്ണാനാവില്ലെന്ന തിരിച്ചറിവ് അതോടെയാണ് പൂർത്തിയായത്. ഉണ്ടും ഉറങ്ങിയും വെടി പറഞ്ഞും കഴിഞ്ഞിരുന്നവർ അതോടെ പട്ടിണിയിലുമായി. അവർ പഠിയ്ക്കാനും ജോലിയെടുക്കാനും നിർബ്ബന്ധിതരായി. ''ഋതുമതിയായൊരു പെൺകിടാവെന്നാകി-/ലതുമതി ഞായം പഠിപ്പുനിർത്താൻ/അവളെന്നും പിന്നെയടുക്കള തന്നില-/ങ്ങവശമിരുന്നു നരച്ചീടണം/കുടയെടുത്തീടണം കുപ്പായമൂരണം/കുടിലസമുദായ നീതി നോക്കൂ'' എന്ന 'ഋതുമതി' നാടകത്തിലെ അവതരണഗാനം പഴങ്കഥയാക്കിക്കൊണ്ട് നമ്പൂതിരിപ്പെൺകിടാങ്ങളും പഠിയ്ക്കാൻ തുടങ്ങി. വൈകാതെ ബിരുദധാരികളല്ലാത്ത പെൺകുട്ടികൾ അപൂർവ്വമായി. വിവാഹമാവുന്നതു വരെ പഠിപ്പു തുടരുക എന്ന ഒരു നടപ്പു വന്നതോടെ ബിരുദാനന്തരബിരുദക്കാരും ഡോക്ടറേറ്റ് നേടിയവരും ധാരാളമായി. അതിനു തക്കവണ്ണമുള്ള ഉദ്യോഗമുള്ളവരുമായി.

ഇതിനോടു കൂട്ടിവായിയ്ക്കേണ്ട മറ്റൊന്നുണ്ട്. എൺപതുകളിൽ കേരളത്തിൽ മറ്റൊരു വലിയ മാറ്റം നടക്കുകയായിരുന്നു. അമ്പലങ്ങളായ അമ്പലങ്ങളൊക്കെ നവീകരണ കലശമാടി. ഒരു വിളക്കു വെയ്ക്കാൻ പോലും ആളില്ലാതെ കാടു പിടിച്ചു കിടന്നിരുന്ന നിരവധി അമ്പലങ്ങൾ പുനരുദ്ധരിയ്ക്കപ്പെട്ടു. ചെമ്പോല മേഞ്ഞും പ്രദക്ഷിണവഴി പിച്ചള പതിച്ചും ചുറ്റുവിളക്കുകൾ പിടിപ്പിച്ചും അലങ്കാരഗോപുരങ്ങൾ പണിതും അമ്പലങ്ങൾ കൊട്ടാരസദൃശങ്ങളായി. സപ്താഹവും ലക്ഷാർച്ചനയും മഹാരുദ്രയജ്ഞവും മുറതെറ്റാതെ നടത്തി ആളേക്കൂട്ടി. മുടങ്ങിക്കിടന്ന പല ഉത്സവങ്ങളും ആഘോഷപൂർവ്വം കൊണ്ടാടാൻ തുടങ്ങി.

ഈ സമയത്തു തന്നെയാണ് നമ്പൂതിരിമാർ വീണ്ടും സമ്മേളിയ്ക്കാൻ തുടങ്ങിയത്. യോഗക്ഷേമ സഭ എന്ന പേരിൽത്തന്നെ. കേരളത്തിൽ മാത്രമല്ല പ്രധാനപ്പെട്ട നഗരങ്ങളിലെല്ലാം അവർ നമ്പൂതിരിമാരാണെന്ന ഒറ്റക്കാരണത്തിൽ ഒത്തുചേർന്നു. പേര് യോഗക്ഷേമസഭ എന്നായിരുന്നുവെങ്കിലും ആശയത്തിൽ പഴയതിന്റെ നേരെ എതിരായിരുന്നു അവർ. പഴയ സഭ സഞ്ചരിച്ച വഴികളിലൂടെയുള്ള തിരിഞ്ഞുനടത്തമായിരുന്നു അത്. നമ്പൂതിരിമാർ എന്ന 'അവശവിഭാഗ'ത്തിന്റെ അവകാശങ്ങൾ നേടിയെടുക്കുകയായിരുന്നു പ്രധാനലക്ഷ്യം. ആശയം പ്രചരിപ്പിയ്ക്കാൻ ആനുകാലികങ്ങൾ തുടങ്ങി. വാണിജ്യത്തിനു വേണ്ടി ബാങ്കുകൾ തുറന്നു. ഒരു വോട്ട് ബാങ്കാവാനുള്ള സംഖ്യാബലം ഇല്ലെന്നറിഞ്ഞിട്ടും വെള്ളാപ്പിള്ളിയാവാൻ മോഹിച്ചു. തൗര്യത്രികം എന്ന കടിച്ചാൽപ്പൊട്ടാത്ത ബാനറിൽ സമ്മേളിച്ച് കൈകൊട്ടിക്കളിയും ഭരതനാട്യവും കളിച്ചു. കായികമത്സരങ്ങൾ നടത്തി. മുഖ്യധാരയിൽ നിന്നുകൊണ്ട് പയറ്റുന്നതിനു കോപ്പില്ലെന്നുള്ള സ്വയംപ്രഖ്യാപനം പോലെയായിരുന്നു അത്. ഇതുകൊണ്ട് അവശേഷിയ്ക്കുന്ന ആത്മവിശ്വാസം പോലും ഇല്ലാതാവുമെന്നു മനസ്സിലാക്കിയില്ല. നമ്പിയാർ-നമ്പീശൻ-വാരിയർ-മാരാർ-പിഷാരോടി സമാജങ്ങളേപ്പോലെ മറ്റൊരു സമുദായസംഘടനയെന്നതിൽപ്പരം ഒരടയാളവും തീർക്കാൻ ഇതേവരെ അവർക്കു കഴിഞ്ഞതുമില്ല.

അമ്പലങ്ങൾ പുനരുദ്ധരിയ്ക്കപ്പെട്ടതോടെ പൂജാരികൾക്ക് വലിയ പ്രിയമായി. അമ്പതുകളിൽ 'മാറത്തെ ഇഴജന്തു'വിനെ പൊട്ടിച്ചു വലിച്ചെറിഞ്ഞ നമ്പൂതിരിമാർ ജോലിസാദ്ധ്യതയ്ക്കു വേണ്ടി അതു വീണ്ടും തപ്പിയെടുത്തു. അതോടെ ഒരു കാലത്ത് ഉപേക്ഷിച്ച ഉപനയനവും സമാവർത്തനവും നിഷ്ഠയോടെ ചെയ്ത് 'മനുഷ്യനെ നമ്പൂതിരിയാക്കാൻ' തുടങ്ങി. അതിനെ ന്യായീകരിയ്ക്കാൻ അവസാന കാലത്ത് വി ടി ഭട്ടതിരിപ്പാടിന്റെ ആ വെളിപാട് അതിന്റെ സാരസ്യം പോലും നോക്കാതെ ഉദ്ധരിയ്ക്കാനും മടിച്ചില്ല. വേളി-പെൺകൊട-സംസ്കാരങ്ങളുടെ ക്രിയാഭാഗം പൂർവ്വാധികം നിഷ്ഠയോടെ നടത്താനും തുടങ്ങി. എളുപ്പത്തിൽ പണിയും പണവുമായതോടെ സ്കൂളിലും കോളേജിലും പോയി പഠിച്ചു സമയം കളയേണ്ടതില്ല എന്ന് ഉണ്ണി നമ്പൂതിരിമാർ തീർച്ചയാക്കി. ഇനി നമുക്ക് തീവെച്ചു നശിപ്പിയ്ക്കണം എന്ന് 1933-ൽ വി. ടി. പറഞ്ഞ അതേ അമ്പലങ്ങൾ തന്നെയായി അവരുടെ തൊഴിൽകേന്ദ്രം. നമ്പൂതിരിയെ മനുഷ്യനാക്കാൻ ഏതൊക്കെ അനാചാരങ്ങൾ അവസാനിപ്പിയ്ക്കണമെന്ന് വി. ടി.യും കൂട്ടരും പരിശ്രമിച്ചുവോ അതേ അനാചാരങ്ങൾ അന്നത്തെയത്ര രൂക്ഷതയോടെയല്ലെങ്കിലും തിരിച്ചുവന്നു.

അമ്പലങ്ങളിലേയ്ക്കു ചേക്കേറിയ ഉണ്ണിനമ്പൂതിരിമാർ. അറിവിന്റെ ഉയരങ്ങളിലെത്തിയ നമ്പൂതിരിപ്പെൺകിടാങ്ങൾ. സമുദായത്തെ ഇത് വലിയ ഒരു ധ്രുവീകരണത്തിലേയ്ക്കാണ് നയിച്ചത്. അധികം പഠിച്ച പെൺകുട്ടികൾ പഠിപ്പില്ലാത്ത ആൺകുട്ടികളെ വരിയ്ക്കാൻ വൈമുഖ്യം കാട്ടിത്തുടങ്ങി. പല പെണ്ണുകാണലുകളും ആണുകാണലുകളായി മാറി. പലപ്പോഴും തിരസ്കാരം പെണ്ണിന്റെ ഭാഗത്തുനിന്നായി. തിന്നാൻ പലഹാരത്തിന്റെ അനുവാദം ചോദിയ്ക്കണ്ട എന്ന പണ്ടത്തെ കാട്ടുനീതി തിരിച്ചടിച്ചു. അനുയോജ്യനായ വരനെ കിട്ടാത്തതു കൊണ്ട് പെൺകുട്ടികളിൽപ്പലരും വിജാതീവിവാഹത്തിനു മുതിർന്നു. ആൺ-പെൺ അനുപാതത്തിൽ ഇത് വലിയ വിള്ളലുകളുണ്ടാക്കി. പുതിയ യോഗക്ഷേമസഭയെ ഇത് അമ്പരപ്പിച്ചു. ഉപസഭകൾ വിളിച്ചുകൂട്ടി പെൺകുട്ടികളേക്കൊണ്ട് വിജാതീവിവാഹം കഴിയ്ക്കില്ലെന്ന് പ്രതിജ്ഞയെടുപ്പിയ്ക്കുന്നതു വരെയെത്തി ഈ അമ്പരപ്പ്. പക്ഷേ പെൺകുട്ടികളിൽ ഭൂരിഭാഗവും അത്തരം ഒരു പ്രതിജ്ഞയെടുക്കാൻ തയ്യാറല്ല എന്ന ധീരമായ നിലപാടെടുത്തതുകൊണ്ട് അവരുടെ ആ ഉദ്യമം പാഴായിപ്പോയി.

നാടകം നടന്ന ഒരു മണിക്കൂറോളം പുതിയ കാലം മറന്നാണ് ഞാനിരുന്നത്. കഥാപാത്രങ്ങളോടൊപ്പം അര നൂറ്റാണ്ടു മുമ്പുള്ള സംഭവങ്ങളിലൂടെയുള്ള സഞ്ചാരമായിരുന്നു അത്. ചിലപ്പോൾ രോഷം കൊണ്ടും മറ്റു ചിലപ്പോൾ കണ്ണു നിറഞ്ഞും ഇടയ്ക്ക് മനസ്സു നിറഞ്ഞ് ചിരിച്ചും.

നാട്യഗൃഹത്തിൽ വെളിച്ചം തെളിഞ്ഞപ്പോൾ അരങ്ങിലെ നടികൾ കാണികളുമായി ഇടകലർന്നു. പുതുതലമുറയിലെ പെൺകുട്ടികൾ ആരും നാടകം കാണാൻ എത്തിയിട്ടില്ലെങ്കിലും ഇരുപതിനു താഴെ മാത്രം പ്രായമുള്ള ചിത്തിരയും ആര്യയും സാവിത്രിയും ഇരിപ്പിലും നടപ്പിലും നോട്ടത്തിലുമെല്ലാം മുൻഗാമികളുടെ ധീരത ഉൾക്കൊണ്ടിരുന്നു. പിന്നിട്ട വഴികളേക്കുറിച്ച് ഇതിനകം അവർ തികച്ചും ബോധവതികളായിട്ടുണ്ടാവണം. നാടകം കാണാനെത്താത്ത കൂട്ടുകാരോട് അവർ പറഞ്ഞുകൊടുക്കട്ടെ കാവുങ്കര ഭാർഗ്ഗവിയേപ്പറ്റിയും പാർവ്വതി നെന്മിനിമംഗലത്തേപ്പറ്റിയും ശ്രീദേവി കണ്ണമ്പിള്ളിയേപ്പറ്റിയും ആര്യാപള്ളത്തേപ്പറ്റിയുമെല്ലാം. അതെ; കക്കാടിന്റെ ഭാഷയിൽപ്പറഞ്ഞാൽ ഓർമ്മകൾ ഉണ്ടായിരിയ്ക്കണം. ഈ നാടകം വീണ്ടും അവതരിപ്പിച്ചതിന് മറ്റൊരു ന്യായീകരണം ആവശ്യമില്ല.

ഞങ്ങളുടെ കൂടെയുണ്ടായിരുന്ന സിന്ധു നാരായണൻ നാടകം തീർന്നതും നാട്യഗൃഹത്തിൽനിന്ന് നേരെ റീജണൽ തീയറ്ററിലേയ്ക്കോടി. അവിടെ ഏഴു മണിയ്ക്ക് 'ദ റെസ്റ്റോറന്റ് ഓഫ് മെനി ഓർഡേഴ്സ്' എന്ന ജാപ്പനീസ് നാടകം കളിയ്ക്കുന്നുണ്ട്. നാടകം തീരുമ്പോൾ വൈകില്ലേ, തിരിച്ചു പോവുന്നത് ഒറ്റയ്ക്കു വേണ്ടേ എന്ന ഭീതിയൊന്നും സിന്ധുവിനുണ്ടായിരുന്നില്ല. അതിനുള്ള തന്റേടവും സ്വാതന്ത്ര്യബോധവും ആ കുട്ടിയ്ക്കുണ്ടായിരുന്നു. ഇക്കാലത്തെ നമ്പൂതിരിപ്പെൺകുട്ടികളുടെ യഥാർത്ഥ പ്രതിനിധി!

(ദേശാഭിമാനി വാരിക, 24-11-2013)